II ഇ.ബി.XIV-കേരള നിയമസഭ/VII-8

## പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2017 ആഗസ്റ്റ് 18, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

21(*241)നവീന സാങ്കേതിക വിദ്യകളും നിർമ്മാണരീതിയും

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, റോഡ് നവീകരണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഓൺലൈൻ സമ്പ്രദായമായ PRICE (Project Information and Cost Estimate), ഇ-ടെണ്ടറിംഗ്, ഇ-ഫയലിംഗ് സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്നും Ministry of Road Transport and Highways (MORTH) Specification പ്രകാരം പ്രവൃത്തികൾ നടപ്പിലാക്കിയതിലൂടെ ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്താൻ സാധിച്ചിട്ടുണ്ടെന്നും 15 കോടി രൂപയ്ക്കുമുകളിലുള്ള പ്രവൃത്തികൾ പരിശോധിച്ച് പരിസ്ഥിതി സൗഹൃദമാക്കുന്നതിനായി ഒരു

പരിസ്ഥിതി വിഭാഗം രൂപീകരിക്കുകയും ഇതിന്റെ ഭാഗമായി കൊല്ലം കോർപ്പറേഷൻ ഏരിയയിലെ റോഡുകൾ സൗന്ദര്യവത്കരിക്കാൻ അനുവാദം നൽകുകയും ചെയ്തിട്ടുണ്ടെന്നും നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ വരുന്ന റോഡുകളുടെ പ്രവൃത്തികളിൽ NRMB (Natural Rubberised Modified Bitumen), ഉപയോഗശൂന്യമായ ശുദ്ധീകരിച്ച ഷ്രഡഡ് പ്ലാസ്റ്റിക്, റോഡിന്റെ അടിസ്ഥാനത്തിന് ആവശ്യമായ ഉറപ്പില്ലാത്ത സ്ഥലങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് ഉറപ്പുവരുത്തുക എന്നീ രീതികൾ നടപ്പിലാക്കുകയും പാതിരാപ്പള്ളി മുതൽ പുറക്കാട് വരെയുള്ള 21 കി. മീ. സ്ഥലത്ത് അത്യാധുനിക സാങ്കേതിക വിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് ഉപയോഗിച്ച് ദേശീയ പാതയുടെ ഉപരിതലം പൊളിച്ച് നിർമ്മിക്കുന്നതിനുള്ള നടപടി പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്നും പഴയ രൂപത്തിലുള്ള ആർ.സി.സി., റീടെയിനിംഗ് വാൾ തുടങ്ങിയവയ്ക്ക് പകരം ജിയോ ടെക്സ്റ്റൈൽസ്, ആർ.ഇ. പാനൽസ് എന്നിവ ഉപയോഗിക്കാറുണ്ടെന്നും സഭയെ അറിയിച്ചു. റോഡ് നിർമ്മാണ പ്രവൃത്തികൾ അഴിമതി രഹിതമാക്കുന്നതിന് ക്വാളിറ്റി ഓഡിറ്റിംഗ് സംവിധാനം നടപ്പിലാക്കുകയും പ്രവൃത്തികളുടെ പേമെന്റ് നൽകുന്നതിന് ബില്ലിനോടൊപ്പം ക്വാളിറ്റി കൺട്രോൾ ലാബുകളിൽ നിന്നുള്ള സർട്ടിഫിക്കറ്റുകൾ നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്. പി.ഡബ്ല്യു.ഡി. വിജിലൻസ് വിംഗിനെ പുനഃസംഘടിപ്പിച്ച് കാര്യക്ഷമമാക്കുകയും 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള

പ്രവൃത്തികൾ ഇ-ടെണ്ടറിംഗ് സംവിധാനം മുഖേന സുതാര്യമാക്കുകയും ചെയ്തിട്ടുണ്ട്. നിയോജകമണ്ഡലാടിസ്ഥാനത്തിൽ റോഡുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനും ഗുണമേന്മ പരിശോധിക്കുന്നതിനുമായി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു മെയിന്റനൻസ് വിംഗിന് രൂപം നൽകി നടപ്പിലാക്കിയിട്ടുണ്ടെന്നും പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി Two-tier Quality Control System നിലവിലുണ്ടെന്നും പ്രവൃത്തികൾക്കുപയോഗിക്കുന്ന മെറ്റീരിയൽസ് അംഗീകാരമുള്ള ലാബുകളിൽ സമർപ്പിച്ച് ഫസ്റ്റ് ടയർ ക്വാളിറ്റി ഉറപ്പുവരുത്താറുണ്ടെന്നും സെക്കന്റ് ടയർ ക്വാളിറ്റി സിസ്റ്റം നടപ്പിലാക്കിയതിന്റെ ഭാഗമായി ഗുണനിലവാര നിർണ്ണയത്തിനായി ജില്ലകൾതോറും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധീനതയിൽ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ ഓഫീസും ക്വാളിറ്റി കൺട്രോൾ ലാബും പ്രവർത്തിച്ചുവരുന്നുണ്ടെന്നും ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ഉത്തരവാദിത്വത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുകയും സോഷ്യൽ ഓഡിറ്റിംഗ് സമ്പ്രദായം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ടെന്നും പി.ഡബ്ല്യു.ഡി.യുടെ ഡിസൈൻ വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന് എറണാകുളത്തും കോഴിക്കോട്ടും ഓരോ മേഖലാ ഓഫീസുകൾ ആരംഭിക്കുവാൻ ക്യാബിനറ്റ് അംഗീകാരം നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പ്രീ-മൺസൂൺ വർക്കുകളുടെ ഭാഗമായി നോൺ പ്ലാൻ ഇനത്തിൽ 1397.45 ലക്ഷം രൂപയുടെ

പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതിനായി 286 കോടി രൂപ അനുവദിക്കുകയും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. പി.ഡബ്ല്യു.ഡി. എഞ്ചിനീയർമാർക്കും ജീവനക്കാർക്കും പരിശീലനം നൽകുന്നതിനായി ഹൈവേ റിസർച്ച് സെന്റർ കാര്യക്ഷമമാക്കുന്നതോടൊപ്പം വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് സെമിനാറുകളും ചർച്ചകളും ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കുന്നതാണ്. ശുദ്ധജല വിതരണ പൈപ്പുകൾക്ക് ഹാനികരമാകാത്ത രീതിയിൽ ആധുനിക സാങ്കേതിക വിദ്യയോടൊപ്പം ജിയോ ടെക്സ്റ്റൈൽ, സ്വാഭാവിക റബ്ബർ, ഷ്രഡഡ് വേസ്റ്റ് പ്ലാസ്റ്റിക്, സിമെന്റ്, ടൈൽസ് എന്നിവ ഉപയോഗിച്ച് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ നേതൃത്വത്തിൽ അമ്പലപ്പുഴ-തിരുവല്ല പാത മാതൃകാറോഡാക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. കുറ്റാലം റസ്റ്റ് ഹൗസിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമെന്നും മുൻകാലങ്ങളിൽ വാടകയ്ക്ക് നൽകിയിരുന്ന മൂന്നാർ, ആലുവ റെസ്റ്റ് ഹൗസുകൾ സംബന്ധിച്ചുള്ള കേസ് കോടതിയുടെ പരിഗണനയിലാണെന്നും മന്ത്രി അറിയിച്ചു. ദേശീയപാതാനിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി റോഡുകളുടെ ഇരു വശങ്ങളിലുമുള്ള അനധികൃത പാർക്കിംഗും കച്ചവടവും ഒഴിപ്പിക്കുന്നതിന് ടോയിംഗ് മെഷീൻ ഉപയോഗിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണെന്നും

കേരള സ്റ്റേറ്റ് റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ ജില്ലകൾതോറുമുള്ള റോഡുകളെപ്പറ്റി പഠനം നടത്തി ആധുനികവത്കരിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടെന്നും ബിലോ കോസ്റ്റിൽ ടെണ്ടർ ഏറ്റെടുത്ത് സമയബന്ധിതമായി പണി പൂർത്തീകരിക്കാത്ത കോൺട്രാക്ടർമാരെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

22 (T*212) കശുമാവ് കൃഷി വ്യാപന പദ്ധതികൾ

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ന്യൂ ഗാർഡൻ സ്കീമിൽ 2000 ഹെക്ടർ (4 ലക്ഷം ഗ്രാഫ്റ്റ്), പൊതുമേഖലയിലും മറ്റും തരിശ്ശായി കിടക്കുന്ന ഭൂമിയിൽ 1000 ഹെക്ടർ (2 ലക്ഷം തൈകൾ), 'മുറ്റത്തൊരു കശുമാവ്', കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി എന്നിവ വഴി സ്കൂളുകളുടേയും കോളേജുകളുടേയും സ്ഥലങ്ങൾ ഉൾപ്പെടുത്തി 1250 ഹെക്ടർ (2.5 ലക്ഷം തൈകൾ) എന്നിവ വിതരണം ചെയ്തുവരുന്നുണ്ടെന്നും സംസ്ഥാന കശുമാവ് കൃഷി ഏജൻസി സൗജന്യമായി കശുമാവ് ചെടിയും നിലവുമൊരുക്കുന്നതിനും അവ പരിപാലിക്കുന്നതിനുമുള്ള സാമ്പത്തിക സഹായവും നൽകി വരുന്നുണ്ടെന്നും കശുവണ്ടി വികസന കോർപ്പറേഷൻ അവരുടെ വിവിധ ഫാക്ടറികളിലും തരിശു ഭൂമികളിലും കശുമാവ് കൃഷി ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടെന്നും

സഭയെ അറിയിച്ചു. ഇതിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റ് ഗവേഷണ സ്ഥാപനമായ പുത്തൂർ യൂണിവേഴ്സിറ്റി സെന്റർ, കാർഷിക ഗവേഷണ സർവ്വകലാശാലയുടെ മാടക്കത്തറ, ആറളം തുടങ്ങിയ ഫാമുകളിൽ നിന്നും ഉന്നതനിലവാരമുള്ള ഗ്രാഫ്റ്റ് തൈകൾ ഉൽപ്പാദിപ്പിക്കാനും സ്വകാര്യ നഴ്സറികളിൽ നിന്ന് ടെണ്ടർ മുഖേന ഹൈബ്രീഡ് തൈകൾ ശേഖരിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൃഷി, വനം, പട്ടികജാതി/പട്ടികവർഗ്ഗക്ഷേമം, റവന്യൂ എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് കശുമാവ് കൃഷി വിപുലമാക്കുന്ന കാര്യം പരിഗണിക്കുന്നതോടൊപ്പം കശുവണ്ടി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി, മറ്റ് വ്യവസായ ആവശ്യങ്ങൾക്കായി നീക്കിവച്ച വനഭൂമിയിലും തരിശായി കിടക്കുന്ന സർക്കാർ ഉടമസ്ഥതയിലുൾപ്പെടെയുള്ള ഭൂമിയിലും കശുമാവ് കൃഷി ചെയ്യാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. കണ്ണൂർ-കാസർഗോഡ് ജില്ലകളിൽ കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കശുവണ്ടി വികസന കോർപ്പറേഷൻ കർഷകർക്ക് സബ്സിഡി അനുവദിക്കുകയും പ്ലാന്റേഷൻ കോർപ്പറേഷൻ കർഷകരിൽ നിന്നും തോട്ടണ്ടിയും കശുമാങ്ങയും സംഭരിക്കുന്ന നടപടി ത്വരിതപ്പെടുത്തുന്നതോടൊപ്പം കശുവണ്ടി വികസന കോർപ്പറേഷൻ കശുവണ്ടി സംഭരിക്കുകയും ചെയ്യുന്നുണ്ടെന്നും കശുമാങ്ങ സംഭരിക്കുന്നതിലെ സാങ്കേതിക ബുദ്ധിമുട്ട് പരിഹരിച്ച് കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ വ്യാവസായികാടിസ്ഥാനത്തിൽ കശുമാങ്ങയിൽ നിന്നും മൂല്യവർദ്ധിത

ഉൽപ്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. കേരള സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷന്റെ പ്ലാന്റേഷനിൽ ഹൈബ്രീഡ് കശുമാവിൻ തൈകൾ വച്ചുപിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിൽ നടത്തിയിട്ടുള്ള പഠനത്തിന്റെ അടിസ്ഥാനത്തിൽ ചക്ക, കശുമാങ്ങ, പഴവർഗ്ഗങ്ങൾ ഉൾപ്പെടെയുള്ളവയിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള ബൃഹത്തായ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടെന്നും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് കൃഷി വകുപ്പുമന്ത്രി വ്യക്തമാക്കി.

23 (*243) <u>പരീക്ഷാ ജോലികൾ</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) നൽകിയ മറുപടിയിൽ, 21.12.1999-ലെ സർക്കാർ ഉത്തരവുപ്രകാരം സർവ്വകലാശാല/കോളേജ് അദ്ധ്യാപകർക്ക് പരീക്ഷാ ജോലി നിർബന്ധമാക്കിയിട്ടുണ്ടെന്നും 1998-ലെ യു.ജി.സി. സ്കീം പ്രകാരവും 03.01.2001-ലെ സർക്കാർ ഉത്തരവുപ്രകാരവും റെഗുലർ വിദ്യാർത്ഥികളുടെ പരീക്ഷാപേപ്പർ മൂല്യനിർണ്ണയം ജോലിയുടെ ഭാഗമാക്കി ഉത്തരവായിട്ടുണ്ടെന്നും തുടർന്നുള്ള പരീക്ഷകളിൽ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പൂർണ്ണസഹകരണം ഉറപ്പുവരുത്തുമെന്നും സഭയെ അറിയിച്ചു. സർവ്വകലാശാലകളിലെ ഈ അദ്ധ്യയന വർഷത്തെ പരീക്ഷാ കലണ്ടർ

പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ കൃത്യമായ മോണിറ്ററിംഗ് നടത്തി അദ്ധ്യാപകരെയും ജീവനക്കാരെയും വിശ്വാസത്തിലെടുത്തുകൊണ്ട് കൃത്യസമയത്തു തന്നെ പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. നിശ്ചിത യോഗ്യതയുള്ള സർക്കാർ/എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ പാനൽ തയ്യാറാക്കി സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ മൂല്യനിർണ്ണയം നടത്തുന്നതിനുള്ള നടപടി പൂർത്തീകരിച്ചിട്ടുണ്ട്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ഉന്നത വിദ്യാഭ്യാസ രംഗത്ത് സമൂലമായ മാറ്റം വരുത്തുന്നതോടൊപ്പം അക്കാഡമിക് നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അക്കാഡമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് സർവ്വകലാശാലകൾക്ക് ഈ വർഷം എട്ടര കോടി രൂപ വീതം അനുവദിച്ചതിനുപുറമെ കണ്ടിന്യൂവസ്/ടേർമിനൽ എക്സാമിനേഷൻ ഇവാല്യുവേഷൻ ശാസ്ത്രീയമാക്കുന്നതിനുള്ള പരിശീലനം നൽകി മൂല്യനിർണ്ണയം വിശ്വാസയോഗ്യമാക്കുകയും അക്കാഡമിക് മാസ്റ്റർ പ്ലാനിന്റെ പൂർത്തീകരണത്തിലൂടെ ഒരു കോളേജിലെ ഒരു ഡിപ്പാർട്ടുമെന്റെങ്കിലും അന്താരാഷ്ട്ര നിലവാരമുള്ള സെന്റർ ഓഫ് എക്സലൻസ് ആക്കുകയും അതിന്റെ ഖ്യാദി അന്താരാഷ്ട്ര തലത്തിലെത്തിക്കുന്നതിനായി ഒരു അന്താരാഷ്ട്ര ജേർണൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നതാണ്. ഓട്ടോണമസ് കോളേജുകൾ നടത്തുന്ന ചില കോഴ്സുകൾ പി.എസ്.സി. നിരാകരിക്കുന്നതുസംബന്ധിച്ച് പരിശോധിച്ച്

വിദ്യാർത്ഥികൾക്കനുകൂലമായ നിലപാട് സ്വീകരിക്കുന്നതാണെന്നും കേരളത്തിലെ പ്ലസ് ടൂ മുതൽ എല്ലാ മേഖലകളിലും നിലനിൽക്കുന്ന കാലഹരണപ്പെട്ടതും അശാസ്ത്രീയവുമായ കോഴ്സുകളെക്കുറിച്ച് പഠനം നടത്തി റീസ്ട്രക്ചർ ചെയ്യുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്കു മറുപടിയായി മന്ത്രി വ്യക്തമാക്കി.

24(*244) സബർബൻ ട്രെയിൻ സർവ്വീസ്

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെ 125.56 കിലോമീറ്റർ ദൂരം ഓട്ടോമാറ്റിക് സിഗ്നലിംഗ് ഏർപ്പെടുത്തിക്കൊണ്ട് റാപ്പിഡ് റെയിൽ ട്രാൻസിസ്റ്റ് സിസ്റ്റത്തിന് (സബർബൻ റെയിൽ പ്രോജക്ട്) അംഗീകാരം നൽകി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും തുടക്കത്തിൽ ഏകദേശം 3100 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന റെയിൽവേ ഓവർ ബ്രിഡ്ജ്, അണ്ടർ ബ്രിഡ്ജ് എന്നിവയുടെ നിർമ്മാണം ഒഴിവാക്കിയശേഷം പദ്ധതിച്ചെലവ് 1943.87 കോടി രൂപയായി കണക്കാക്കിയിട്ടുണ്ടെന്നും ടി പദ്ധതി ഒരു കിലോമീറ്റർ നടപ്പിലാക്കാൻ 15.48 കോടി രൂപ മാത്രമേ ചെലവാകുന്നുള്ളൂവെന്നും പ്രയോജനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പദ്ധതി ചെലവ് കുറവായതിനാൽ ടി പദ്ധതിക്ക് മുൻഗണന നൽകണമെന്ന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നുണ്ടെന്നും സഭയെ അറിയിച്ചു. ടി പദ്ധതിക്കായി മൊത്തം അടങ്കൽ

തീരുമാനിച്ചശേഷം കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശാനുസരണം സംസ്ഥാന വിഹിതം നിശ്ചയിക്കുന്നതാണ്. വിശദമായ ചർച്ചയുടെ അടിസ്ഥാനത്തിൽ മാത്രമേ ടി പ്രോജക്ടിനാവശ്യമായ ഡി.പി.ആർ./ഇ.ഐ.ആർ.ആർ., പരിസ്ഥിതി ആഘാത പഠനം എന്നിവ സംഘടിപ്പിക്കാൻ സാധിക്കുകയുള്ളൂ. നിലമ്പൂർ - നഞ്ചൻകോട് റെയിൽവേ പാതയ്ക്ക് ബദൽ മാർഗ്ഗനിർദ്ദേശം സമർപ്പിച്ചുവെങ്കിലും കർണാടക ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടില്ലെന്നും എറണാകുളം, തൃശ്ശൂർ, കോഴിക്കോട് മേഖലകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള സബർബൻ ട്രെയിൻ സർവ്വീസ് സംബന്ധിച്ച പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചതാണെങ്കിൽ അത് പരിശോധിച്ച് സജീവ ചർച്ചയാക്കുമെന്നും മലബാർ മേഖലയിൽ സബർബൻ റെയിൽ പ്രോജക്ട് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലില്ലെന്നും പരാതി ലഭിക്കുന്ന മുറയ്ക്ക് ടിക്കറ്റ് റിസർവേഷനും റീ ഇംബേഴ്സ്മെന്റുമായി ബന്ധപ്പെട്ട് എം.എൽ.എ.മാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ റെയിൽവേ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

## 25(*245) അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് കമ്പനികളും വ്യക്തികളും അനധികൃതമായി കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിന്

സമഗ്രമായ നിയമനിർമ്മാണം നടത്തുന്നതിനുള്ള കരട് ബിൽ തയ്യാറാക്കുന്നതിന് 22.05.2017-ലെ ഉത്തരവുപ്രകാരം നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയായിരുന്ന ശ്രീ. പത്മാകരൻ സി.കെ.യെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ആന്ധ്രാപ്രദേശ് ലാന്റ് ഗ്രാബിംഗ് പ്രൊഹിബിഷൻ ആക്ട്, ഇന്ത്യൻ ഇൻഡിപെൻഡൻസ് ആക്ട്, ഫോറിൻ എക്സ്ചേഞ്ച് റെഗുലേഷൻ ആക്ട്, ലാന്റ് റിഫോംസ് ആക്ട് എന്നിവയുടെയും അനധികൃത കയ്യേറ്റങ്ങൾക്കെതിരെയുള്ള നിയമനടപടി സംബന്ധിച്ച് വിവിധ കോടതികളുടെ വിധിന്യായങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധന നടത്തി പുതിയ നിയമനിർമ്മാണം നടത്തുന്നതിന് നിയമ വകുപ്പ് ചില നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്നും അനധികൃത ഭൂമി കയ്യേറ്റം തിരിച്ചെടുക്കുന്നതിന് 1957-ലെ കേരള ഭൂസംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിയോഗിച്ചിട്ടുള്ള സംസ്ഥാനതല സ്പെഷ്യൽ ഓഫീസറുടെ നടപടിക്രമങ്ങൾക്കെതിരെ കമ്പനികൾ ഫയൽ ചെയ്ത വിവിധ റിട്ട് ഹർജികൾ കോടതിയുടെ പരിഗണനയിലായതിനാൽ ടി കേസുകളിൽ തീരുമാനമാകുന്ന മുറയ്ക്ക് അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണെന്നും സഭയെ അറിയിച്ചു. സർക്കാരുമായി ബന്ധപ്പെട്ട റവന്യൂ കേസുകൾ പരിഗണിക്കുമ്പോൾ അതിന് നിയോഗിക്കപ്പെട്ടിട്ടുള്ള ഗവൺമെന്റ് പ്ലീഡർമാർ യഥാസമയം കോടതിയിൽ ഹാജരാകാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന്

ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2570 മുതൽ 2946 വരെയുള്ള ചോദ്യങ്ങളിൽ 182 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)